**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3744** **15-07-2022 - ൽ മറുപടിയ്ക്ക്**

**സർക്കാർ സർവ്വീസിലെ ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സർക്കാർ സർവ്വീസിൽ ആശ്രിത നിയമനം നടത്തുതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ; | (എ) | സർക്കാർ സർവ്വീസിൽ ജോലി ചെയ്യുവരവെ മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999 ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്.<br><br>മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ(മാതൃ വകുപ്പിൽ) നിലവിലുള്ളതോ/ തൊട്ടടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ(C E സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിൽമേൽ 29.06.2018 തീയതിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും, ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവെക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകൾ മാത്രമേ ആശ്രിത നിയമനത്തിന് നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. |
| (ബി) | ഒഴിവ് വരുന്ന വേക്കൻസികളുടെ എത്ര | (ബി) | സർക്കാർ സർവ്വീസിൽ ജോലി ചെയ്യുവരവെ |

| | | | |
|---|---|---|---|
| | ശതമാനമാണ് ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുന്നത്; വിശദമാക്കാമോ; | | മരണമടയുന്ന സർക്കാർ ജീവനക്കാരുടെ ആശ്രിതർക്ക് 24.05.1999 ലെ G.O.(P) No. 12/99/P&ARD ഉത്തരവിലെ വ്യവസ്ഥകളുടെയും, തുടർന്ന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്.<br><br>മരണപ്പെടുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജീവനക്കാരൻ ജോലി ചെയ്തിരുന്ന വകുപ്പിൽ(മാതൃ വകുപ്പിൽ) നിലവിലുള്ളതോ/ തൊട്ടടുത്ത് ഉണ്ടാകാൻ സാധ്യതയുള്ളതോ ആയ നിർദ്ദിഷ്ട തസ്തികകളിലെ ഒഴിവിലേക്ക് നിയമനം നൽകുവാനാണ് വ്യവസ്ഥയുള്ളത്. ഇപ്രകാരം നിയമനം നൽകാൻ കഴിയാത്തപക്ഷം പൊതുഭരണ(C E സെൽ) വകുപ്പിൽ എല്ലാ വകുപ്പ് മേധാവികളും ഓരോ വർഷവും റിപ്പോർട്ട് ചെയ്യുന്ന 5% ഒഴിവുകളിൽ നിയമനം നൽകുവാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ OA (Ekm) 2106/17, OA (Ekm) 800/18, OA (Ekm) 1133/18, OA (Ekm) 1272/18 എന്നീ കേസുകളിൽമേൽ 29.06.2018 തീയതിയിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഓരോ ജില്ലയിലും ഓരോ വകുപ്പിലും, ഓരോ തസ്തികയിലും പ്രതിവർഷം ഉണ്ടാകുന്ന ആകെ ഒഴിവുകളുടെ 5% മാത്രമേ ആശ്രിത നിയമനത്തിനായി നീക്കിവെക്കാവൂ എന്ന് ഉത്തരവായിരുന്നു. ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ചും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ശരിവയ്ക്കുകയും ചെയ്തിരുന്നു. അതിനാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5% ഒഴിവുകൾ മാത്രമേ ആശ്രിത നിയമനത്തിന് നീക്കിവെക്കാവൂ എന്ന് എല്ലാ വകുപ്പുകൾക്കും നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | ഹെഡ്ക്വാർട്ടർ വേക്കൻസിയിൽ ആശ്രിത നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് നൽകാമോ? | (സി) | ഉണ്ട്. ആസ്ഥാന കാര്യാലയത്തിലെ എൻട്രി കേഡർ തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ, പി.എസ്.സി. മുഖാന്തിരം നികത്തുന്നതിനായി, പി.എസ്.സി. സെക്രട്ടറിക്ക് റിപ്പോർട്ട് ചെയ്യുവാൻ എല്ലാ വകുപ്പ് തലവന്മാർക്കും 01.11.2016 ലെ G.O.(P) 29/2016/P&ARD നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ